*⇨ ഈ മിച്ചഭൂമികൾ ഇവരുടെ ഭരണകാലത്തും മിച്ചഭൂമി തന്നെയായിരുന്നല്ലോ? ⇨*

# അനുഷ്ഠാനകലയും വ്യായാമവുമാകുന്ന സമരം

ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി ഭൂസമരം നടത്തുമ്പോൾ ഉന്നയിക്കേണ്ട പ്രശ്നം എന്താണ്? ഭൂരഹിതർക്കെല്ലാം 'ഒരു തുണ്ട് ഭൂമി' നൽകുകയെന്നതാണോ അവരുയർത്തേണ്ട ആവശ്യം? തങ്ങളുടെ സർക്കാർ കണ്ടെത്തിയ രണ്ടരലക്ഷത്തോളം ഭൂരഹിത കുടുംബങ്ങൾക്കെല്ലാം രണ്ടുവർഷത്തിനിടയിൽ മൂന്നുസെന്റ് ഭൂമി വീതം കിടപ്പാടമായി നൽകുമെന്ന് മുഖ്യമന്ത്രിയും റവന്യൂമന്ത്രിയും പറയുന്നുണ്ട്. ഇതു നടപ്പിലാക്കിയാൽ സി.പി.എം നടത്തിയ ഭൂസമരം വിജയമാകുമോ?

**സി.ആർ. നീലകണ്ഠൻ**

**സി.പി.എമ്മിന്റെ** നേതൃത്വത്തിൽ കേരളത്തിൽ ശക്തമായ ഒരു ഭൂസമരം ആരംഭിച്ച വാർത്ത ആരെയും (കേരളത്തിന്റെ ഇന്നത്തെ അവസ്ഥയിൽ ദുഃഖിക്കുന്നവരെ) സന്തോഷിപ്പിക്കുമെന്നു തീർച്ച. ഭൂമി ഏറ്റവും പ്രധാന രാഷ്ട്രീയ സാമൂഹ്യ വികസന പ്രശ്നമായി മാറിയിരിക്കുകയാണല്ലോ. സി.പി.എമ്മിന്റെ സമരലക്ഷ്യങ്ങൾ കാണുമ്പോൾ അത്ര വലിയ സന്തോഷത്തിന് അവകാശമുണ്ടോയെന്ന സംശയവുമുയരാം. കുറേ കാലമായി രാഷ്ട്രീയപാർട്ടികൾ ഒരു രാഷ്ട്രീയ സമരവും നടത്താറില്ലെന്നതാണ് സത്യം. മിക്കപ്പോഴും ഒരു തരം 'എക്സർസൈസ്' ചെയ്യുന്നതുപോലെ മാത്രം. വ്യക്തികൾ വ്യായാമം ചെയ്യുമ്പോൾ അവരുടെ ശരീരത്തിനേ ഗുണമുള്ളൂ. സ്വന്തം സംഘടനയെ അല്പം ഉഷാറാക്കാൻ സമരം സഹായിച്ചേക്കാമെന്നതുശരി. എന്നാൽ പാർട്ടിക്കു പുറത്തുള്ളവർക്ക് അതുകൊണ്ടൊരു കാര്യവുമില്ല. സമൂഹത്തിൽ അതൊരു മാറ്റവും ഉണ്ടാക്കാൻ പോകുന്നില്ല.

മിച്ചഭൂമികൾ ചൂണ്ടിക്കാട്ടി അവ പിടിച്ചെടുത്ത് വിതരണം നടത്താൻ സർക്കാരിനുമേൽ സമ്മർദ്ദം ചെലുത്തലാണ് സമരത്തിന്റെ ഒന്നാമത്തെ ലക്ഷ്യമായി പ്രഖ്യാപിച്ചിരുന്നത്. ഇടതുപക്ഷക്കാർ എന്നും ശക്തമായി നിലകൊണ്ടിട്ടുള്ള (?) ഭൂപരിഷ്കരണ നിയമം അട്ടിമറിക്കാൻ (തോട്ടങ്ങളിൽ 5 ശതമാനം ടൂറിസത്തിന് നൽകൽ, കശുമാവിൻ തോട്ടങ്ങളെ പരിധിയിൽ നിന്നും ഒഴിവാക്കൽ) യു.ഡി.എഫ് സർക്കാർ നടത്തുന്ന ശ്രമങ്ങളെ തടയുകയും നെൽവയൽ നീർത്തടസംരക്ഷണനിയമത്തിൽ വെള്ളം ചേർക്കാനുള്ള ശ്രമങ്ങളെ തുറന്നുകാട്ടുകയുമാണ് മറ്റു ലക്ഷ്യങ്ങൾ. ഏറെക്കാലം ഭരിച്ചിരുന്ന കക്ഷിയെന്ന നിലയിൽ തന്നെ ഇവർ നിരവധി ചോദ്യങ്ങൾക്ക് മറുപടി പറയേണ്ടതുണ്ട്. ഇപ്പോൾ ചൂണ്ടിക്കാണിച്ചിട്ടുള്ള മിച്ചഭൂമികൾ ഇവരുടെ ഭരണകാലത്തും മിച്ചഭൂമി തന്നെയായിരുന്നല്ലോ? അന്ന് എന്തുകൊണ്ട് ഏറ്റെടുത്തില്ല എന്നതാണൊരു ചോദ്യം. ഇതിൽപ്പെട്ട പലഭൂമികളും മിച്ചഭൂമി നിയമം ലംഘിച്ച് സ്വകാര്യ സ്ഥാപനങ്ങൾക്ക് 'വികസന പദ്ധതി'കളുടെ പേരിൽ നൽകാൻ ഇവരെടുത്ത നടപടികളെപ്പറ്റിയും ചോദ്യം ഉയരാം. എറണാകുളത്ത് കടമക്കുടിയിൽ ഇവർ ചൂണ്ടിക്കാണിക്കുന്ന ഭൂമി കഴിഞ്ഞ ഇടതുസർക്കാരിന്റെ കാലത്ത് പതിച്ചു നൽകിയതാണ്. ആറന്മുള വിമാന

ത്താവളത്തിൽ ഇവർ നടത്തുന്ന സമരവും അപഹാസ്യമാകുന്നത് ഇതുകൊണ്ടാണ്. അവിടെ മിച്ചഭൂമി, പൊതുഭൂമി, ജനങ്ങളുടെ വീടുവച്ചിരിക്കുന്ന ഭൂമി, നെൽപ്പാടം, തണ്ണീർത്തടം മുതലായവയെല്ലാം ചേർത്ത് വിമാനത്താവളം നിർമിക്കാൻ അനുമതി നൽകിയത് ഇടതുസർക്കാരാണ്. തന്നെയുമല്ല, ആ പദ്ധതിക്കാവശ്യമായ അനുമതിയെല്ലാം നേടാൻ സഹായിക്കും വിധം വ്യവസായ മേഖലയായി പ്രദേശത്തെ പ്രഖ്യാപിച്ചത് ഇടതുപക്ഷ വ്യവസായ മന്ത്രിയാണ്. (പ്രഖ്യാപിച്ചത് വ്യാപാരത്തിൽ പേരുകേട്ട, ഇടത്-വലത് സർക്കാരുകളുടെ വ്യവസായമന്ത്രിമാർക്കു പ്രിയങ്കരനായ അഡീഷണൽ ചീഫ് സെക്രട്ടറി ടി. ബാലകൃഷ്ണനാണ്. അതിൽ മേലൊപ്പ് വച്ചിരിക്കുന്നത് മന്ത്രിയായിരുന്ന എളമരം കരീമും).



കോട്ടയം ജില്ലയിൽ വേമ്പനാട്ടുകായലിലെ തുരുത്തായ മെത്രാൻ കായൽ പ്രദേശത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ടൂറിസം പദ്ധതിക്ക് അനുമതി നൽകാൻ തീരുമാനിച്ചതാണ്. ശക്തമായ പ്രതിഷേധത്തെ തുടർന്നാണ് ഇത് ഉപേക്ഷിച്ചത്. അവിടെയും ഇപ്പോൾ കൊടിനാട്ടുന്നു. ഈ പറയുന്ന നയം അനുസരിച്ച് പ്രവർത്തിച്ച ഒരു സർക്കാരായിരുന്നില്ല സി.പി.എമ്മിന്റേതെന്നതിന് നിരവധി ഉദാഹാരണങ്ങളുണ്ട്. ഏറെ കുപ്രസിദ്ധമായ കിനാലൂരിൽ ജനങ്ങളെ കുടിയൊഴിച്ച് പാടം നികത്തി റോഡുനിർമ്മിക്കാൻ ശ്രമിച്ചവരാണ്. കൊച്ചിയിൽ തന്നെ എച്ച്.എം.ടി കമ്പനിക്ക് പാട്ടത്തിനു നൽകിയ ഭൂമിയിലുണ്ടെന്ന് സർക്കാർ തന്നെ കണ്ടെത്തിയ 100 ഏക്കർ മിച്ചഭൂമിയിൽ നിന്ന് 70 ഏക്കർ ബ്ലൂസ്റ്റാർ കമ്പനിക്കു മറിച്ചു വിൽക്കാൻ മുൻകയ്യെടുത്തതും ഇതേ ഇടതുമന്ത്രിസഭയാണ്. നെൽപ്പാടവും തണ്ണീർത്തടവും കണ്ടൽക്കാടും നശിപ്പിച്ചും നിരവധി കുടുംബങ്ങളെ (അതും ദളിതരെ) കുടിയൊഴിപ്പിച്ചും 'വളന്തക്കാട്' എന്ന സ്ഥലത്ത് (കൊച്ചി നഗരപ്രാന്തത്തിൽ) ശോഭ കമ്പനിക്ക് ഹൈടെക് സിറ്റി നിർമ്മിക്കാൻ അനുമതി നൽകിയതും ഇടതു സർക്കാർ തന്നെ.

ഭൂരഹിതർക്കു ഭൂമി നൽകിയില്ലെന്നുമാത്രമല്ല സ്വസ്ഥമായി ജീവിച്ചിരുന്ന നിരവധി കുടുംബങ്ങളെ വികസനത്തിന്റെ മറവിൽ തെരുവിലിറക്കിയ സർക്കാരുമാണത്. 2008 ഫെബ്രുവരിയിൽ കുടിയിറക്കിയ മൂലമ്പിള്ളിയിലെ 316 കുടുംബങ്ങളിൽ ഏതാണ്ട് മുന്നൂറോളം കുടുംബങ്ങൾ ഇനിയും സ്വന്തം വീട്ടിൽ താമസിച്ചിട്ടില്ല. നിരവധി കുടുംബങ്ങളെ കുടിയിറക്കുന്ന ദേശീയ പാത വികസനം, റെയിൽപ്പാത, പൈപ്പ് ലൈൻ തുടങ്ങിയ പദ്ധതികൾക്ക് അനുമതി നൽകിയതും ഇടതു സർക്കാരാണ്. ഈ വിഷയങ്ങളിൽ ഇപ്പോൾ ഭരിക്കുന്ന സർക്കാരിന്റെ നയങ്ങളും വ്യത്യസ്തമല്ലെന്നതിനാൽ അതൊന്നും ഇവിടെ ചർച്ചാവിഷയമാകുന്നില്ല. ഇപ്പോൾ നടക്കുന്ന തർക്കങ്ങൾ അടിസ്ഥാന രാഷ്ട്രീയ സാമൂഹ്യ ഘടകങ്ങളെ സ്പർശിക്കാത്തവയാണെന്നർത്ഥം.

ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി ഭൂസമരം നടത്തുമ്പോൾ ഉന്നയിക്കേണ്ട പ്രശ്നം എന്താണ്? ഭൂരഹിതർക്കെല്ലാം 'ഒരു തുണ്ട് ഭൂമി' നൽകുകയെന്നതാണോ അവരുയർത്തേണ്ട ആവശ്യം? തങ്ങളുടെ സർക്കാർ കണ്ടെത്തിയ രണ്ടരലക്ഷത്തോളം ഭൂരഹിത കുടുംബങ്ങൾക്കെല്ലാം രണ്ടുവർഷത്തിനിടയിൽ മൂന്നുസെന്റ് ഭൂമി വീതം കിടപ്പാടമായി നൽകുമെന്ന് മുഖ്യമന്ത്രിയും റവന്യൂമന്ത്രിയും പറയുന്നുണ്ട്. ഇതു നടപ്പിലാക്കിയാൽ സി.പി.എം നടത്തുന്ന ഭൂസമരം വിജയമാകുമോ? എങ്കിൽ പിന്നെ സമരം എന്തിനാണ്? ഭൂമി സംബന്ധിച്ച് വലതുപക്ഷക്കാരിൽ നിന്നും വ്യത്യസ്തമായി എന്തെങ്കിലും നിലപാട് ഇന്ന് ഇടതുപക്ഷത്തിനുണ്ടോ?

ഭൂമിക്കുവേണ്ടി കഴിഞ്ഞ നാൽപ്പതുകൊല്ലമായി സി.പി.എം അടക്കമാരും ഗൗരവതരമായ ഒരു സമരവും നടത്തിയിട്ടില്ലെന്ന സത്യം ഇവർ അംഗീകരിക്കുന്നുണ്ടോ?

ഭൂപരിഷ്കരണം നടന്നപ്പോൾ തന്നെയുണ്ടായ ഒട്ടനവധി തകരാറുകൾ ഇന്ന് പുറത്തുവന്നിട്ടുണ്ട്. അവയെ സി.പി.എം എങ്ങ

നെ സമീപിക്കുന്നു? തോട്ടഭൂമിക്ക് പരിധി നിർണ്ണയിക്കാതിരുന്നതുമൂലം കേരളത്തിൽ മിച്ചഭൂമി അല്ലാതായത് ലക്ഷകണക്കിന് ഏക്കർ ഭൂമിയാണല്ലോ. ഇവയുടെയെല്ലാം ഉടമസ്ഥാവകാശം വൻകിട കമ്പനികൾക്കായിരുന്നു. ഇവക്ക് പരിധി വക്കാതിരുന്നതിന് അന്നു പറഞ്ഞ മിക്ക കാരണങ്ങളും ഇന്നു പ്രസക്തമല്ല. വലിയൊരളവിൽ കുറഞ്ഞാൽ തോട്ടങ്ങൾ സാമ്പത്തികമായി നിലനിൽക്കില്ല എന്ന വാദം എത്ര നിരർത്ഥകമാണ്. ചായ, കാപ്പി, കുരുമുളക് തുടങ്ങിയ തോട്ടങ്ങൾ ഇന്ന് വൻ തകർച്ചയിലാണ്. ഇവയിൽ പലതോട്ടങ്ങളും ഇന്ന് വിഭജിക്കപ്പെട്ടിരിക്കുന്നു. ഏറ്റവും മെച്ചപ്പെട്ട രീതിയിൽ വരുമാനം നൽകുന്ന റബ്ബറാകട്ടെ, ഏറെ വികേന്ദ്രീകൃതമായ രീതിയിലാണ് ഉൽപ്പാദനം നടത്തുന്നത്. സർക്കാർ ഭൂമി പാട്ടത്തിനെടുത്താണ് വനംവെട്ടി തോട്ടങ്ങളുണ്ടാക്കിയത്. ഒരു കരാറനുസരിച്ചാണ് പാട്ടത്തിനു നൽകുന്നത്. ആ കരാർ അവസാനിക്കുകയോ അതു ലംഘിക്കപ്പെടുമ്പോൾ പാട്ടത്തുക അടക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്താൽ ആ തോട്ടങ്ങൾ സർക്കാരിനേറ്റെടുക്കാം. തോട്ടത്തിന്റെ ഒരു ഭാഗം തോട്ടമല്ലാതായാൽ അത് മിച്ചഭൂമിയാകും. മറിച്ചോ മുറിച്ചോ വിൽക്കാൻ തോട്ടമുടമക്ക് അധികാരമില്ല. തോട്ടങ്ങളെ സംരക്ഷിക്കാനുള്ള ഈ ഇളവ് അന്നു നൽകിയത് തൊഴിലാളികൾക്കുവേണ്ടിയെന്ന പേരിലാണ്. എന്നാൽ ഇന്ന് തോട്ടം തൊഴിലാളികളുടെ അവസ്ഥ എത്രമാത്രം ദയനീയമാണെന്നു നമുക്കറിയാം. ഇതൊന്നും ഇടതുപക്ഷത്തിന് താൽപ്പര്യമുള്ള വിഷയമല്ല. ഭൂപരിഷ്കരണത്തിന്റെ പ്രധാന ലക്ഷ്യം കുറച്ചുപേർക്ക് കിടപ്പാടം നൽകുകയെന്നതായിരുന്നില്ല. മറിച്ച് കർഷകന് കൃഷി ഭൂമി നൽകുക എന്നതായിരുന്നു. നമ്മൾ കൊയ്യും വയലെല്ലാം നമ്മുടെതാകും പൈങ്കിളിയേ എന്നതായിരുന്നല്ലോ അന്നത്തെപ്പാട്ട്. എന്നാൽ നെൽകൃഷി നശിക്കുന്നതിനുള്ള പ്രധാന കാരണമായി ഇന്ന് പലരും പറയുന്നത് കൊയ്യാനാളില്ല എന്നതാണ്. ഇതിലൊരു വൈരുദ്ധ്യമല്ലേ? നമ്മളുകൊയ്യും വയലിനല്ലേ നമുക്കധികാരമുള്ളൂ. കൊയ്യാനും വിതയ്ക്കാനും കഴിയുന്നവർക്ക് ഒരിക്കലും കൃഷിഭൂമി കിട്ടിയില്ലെന്നതല്ലേ സത്യം. എന്നും അവരുടെ മണ്ണിൽ പണിയെടുത്തിരുന്നവർ, പ്രധാനമായും ദളിതർ ഇന്നെവിടെയാണ് ജീവിക്കുന്നത്? ഭൂപരിഷ്കരണത്തിന്റെ വലിയ വിജയമായി ഇടതുപക്ഷം പോലും ഉയർത്തിക്കാട്ടുന്ന കുടികിടപ്പവകാശം നൽകിയിട്ടും കേരളത്തിലെ 26,000 കോളനികളിലായിട്ടല്ലേ മഹാഭൂരിപക്ഷം ദളിതരും ജീവിക്കുന്നത്. പത്ത്, അഞ്ച്, മൂന്ന്, രണ്ട്, മുക്കാൽ സെന്റ് കോളനികൾ, ലക്ഷംവീട്, റോഡ്-തോട് പുറംപോക്ക് എന്നിവയാണ് ഈ കോളനികൾ. ഇവർക്ക് കൃഷിഭൂമി കിട്ടാതിരുന്നതല്ലേ കേരളത്തിലെ കൃഷി നശിക്കാനുള്ള പ്രധാന കാരണം? ഇന്നും കൃഷി പ്രധാന വരുമാന മാർഗ്ഗമായിട്ടുള്ള പലരും നെൽകൃഷി തുടരുന്നുവെന്നും ഓർക്കുക.

> സി.പി.എം മറുപടി പറയേണ്ട ആദ്യത്തെ ചോദ്യം ചെങ്ങറ സമരവേദിയിൽ ഉയർന്നുവന്നതാണ്. കർഷകർക്ക് കൃഷിഭൂമി എന്ന മുദ്രാവാക്യം നിങ്ങൾ ഉപേക്ഷിച്ചുവോ? ഇത്ര ആഘോഷത്തോടെ കേരളം മുഴുവൻ സമരകാഹളം മുഴക്കുമ്പോഴും കൃഷിഭൂമി എന്ന ഒരു വാക്ക് എവിടെയും കേൾക്കാത്തതെന്തുകൊണ്ട്?

സി.പി.എം മറുപടി പറയേണ്ട ആദ്യത്തെ ചോദ്യം ചെങ്ങറ സമരവേദിയിൽ ഉയർന്നുവന്നതാണ്. കർഷകർക്ക് കൃഷിഭൂമി എന്ന മുദ്രാവാക്യം നിങ്ങൾ ഉപേക്ഷിച്ചുവോ? ഇത്ര ആഘോഷത്തോടെ കേരളം മുഴുവൻ സമരകാഹളം മുഴക്കുമ്പോഴും കൃഷിഭൂമി എന്ന ഒരു വാക്ക് എവിടെയും കേൾക്കാത്തതെന്തുകൊണ്ട്? ഇനി കർഷകർക്കു നൽകാൻ 'കൃഷിഭൂമി' കേരളത്തിലില്ലെന്ന് ഗവേഷണം നടത്തി കണ്ടെത്തിയ വ്യക്തിയാണ് സി.പി.എം ധനകാര്യ വിദഗ്ധനായ ഡോ. തോമസ് ഐസക് (കേരള ഭൂപരിഷ്കരണത്തിന്റെ ഭാവി എന്ന ഗ്രന്ഥം കാണുക). ഇതു തന്നെയാണോ സി.പി.എം നിലപാട്? എങ്കിൽ തുറന്നു പറയണം.

ഇവിടെയാണ് ചെങ്ങറ സമരം ഇവർക്കു പാഠമാകേണ്ടത്. ഭൂരഹിത കർഷകരെന്ന് പണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടി വിളിച്ചിരുന്നത് ഈ ദളിതരെയാണ്. എന്നാൽ പിന്നീടിവരെ കർഷക തൊഴിലാളികൾ എന്നു വിളിച്ചുകൊണ്ട് അവർക്ക് കൃഷിഭൂമിയിൽ അവകാശമില്ലാതെയാക്കി. ഇതിനെയാണ് ചെങ്ങറ സമരം ചോദ്യം ചെയ്തത്. കൃഷിഭൂമിയിൽ തങ്ങൾക്കും അവകാശമുണ്ടെന്നും അങ്ങനെ നൽകാനുള്ള മിച്ചഭൂമി കേരളത്തിലുണ്ടെന്നും ചെങ്ങറ സമരക്കാർ പറയുന്നു. 1957 ൽ ഇവിടെ ഉണ്ടായിരുന്ന മിച്ച ഭൂമി 7,20,000 ഏക്കർ ആണെന്നാണ് ഔദ്യോഗി

ക കണക്ക്. (തോട്ടങ്ങളടക്കം പലർക്കും ഇളവുകൾ നൽകിയ ശേഷം മുങ്ങുകയാണിത്. യഥാർത്ഥത്തിൽ 18 ലക്ഷം ഏക്കറുണ്ടെന്നുള്ളതാണ് സത്യം). കഴിഞ്ഞ 55 വർഷത്തിനിടയിൽ ഇതിലെത്ര ഭൂമി സർക്കാർ ഏറ്റെടുത്തു? വെറും 90,000 ഏക്കർ മാത്രം! ഇത് ഭൂരഹിത കർഷകർക്കു ഭൂമിയായി വിതരണം ചെയ്യണമെന്ന ആവശ്യമാണ് ഇപ്പോൾ സി.പി.എം വിഴുങ്ങിയിരിക്കുന്നത്. ഇപ്പോൾ സി.പി.എം സമരത്തിൽ ചൂണ്ടിക്കാട്ടുന്നത് കേരളത്തിൽ 30,000 ഏക്കർ മിച്ച ഭൂമിയുണ്ടെന്നത്രെ! അങ്ങനെയെങ്കിൽ ബാക്കിയുണ്ടായിരുന്ന 6 ലക്ഷത്തിൽ പരം ഏക്കർ (സർക്കാർ കണക്കിൽ) മിച്ചഭൂമി എവിടെ എന്നതിന് മറുപടി പറയാൻ സി.പി.എമ്മടക്കം എല്ലാ കക്ഷികൾക്കും ബാധ്യതയില്ലേ! ഇതിനു സി.പി.എം നൽകുന്ന മറുപടി, കോൺഗ്രസ്സ് സർക്കാരുകൾ ഈ മിച്ച ഭൂമി ഇല്ലാതാക്കി എന്നാണ്. ഏതാണ്ട് പാതിക്കാലം മാറി മാറി അധികാരത്തിലെത്തിയ സി.പി.എമ്മിന് കോൺഗ്രസ്സിന്റെ ഈ തെറ്റ് പരിഹരിക്കാൻ ഒട്ടും തന്നെ കഴിയാതിരുന്നതെന്തുകൊണ്ട്? 1979 ൽ കേവലം 29 ദിവസം മാത്രം അധികാരത്തിലിരുന്ന മുഹമ്മദ് കോയ സർക്കാർ പാസാക്കിയ ഏറ്റവും വഞ്ചനാപരമായ ഇഷ്ടദാന നിയമം റദ്ദാക്കാൻ പിന്നീടു വന്ന നായനാർ സർക്കാരിനു കഴിയാതിരുന്നതെന്തുകൊണ്ട്! ചുരുക്കത്തിൽ മിച്ചഭൂമി ഒളിച്ചു കടത്തിയ നടപടിക്ക് ഇടതു വലതു സർക്കാരുകൾ ഒരുപോലെ കുറ്റക്കാരാണ്. വലതുപക്ഷം ഭൂപരിഷ്ക്കരണത്തിലെ കൃഷിഭൂമി കർഷകന് എന്ന തത്വം അംഗീകരിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ മിച്ചഭൂമി വിഷയത്തിൽ മറുപടി പറയാൻ പ്രധാന ബാദ്ധ്യത സി.പി.എമ്മിനുതന്നെയാണ്.

ആദിവാസികളുടെ കാര്യം ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. 1975 ലെ നിയമം നടപ്പിലാക്കാതിരിക്കാനാണ് മാറി മാറി വന്ന എല്ലാ സർക്കാരുകളും ശ്രമിച്ചത്. അവരുടെ അന്യാധീനപ്പെട്ട ഭൂമി ഒരിക്കലും തിരിച്ചു കിട്ടില്ലെന്ന് അവർ ഉറപ്പാക്കി. ഇതിനെതിരെ സി.കെ. ജാനു മുത്തങ്ങയിൽ സമരം ആരംഭിച്ചപ്പോൾ അതിനെ അങ്ങേയറ്റം പുച്ഛിച്ചവർ സി.പി.എം. അതിനെ വെടിവച്ച് തകർത്തവർ വലതുപക്ഷം. എന്നാൽ ആദിവാസി സമരം ക്ലച്ച് പിടിക്കുമെന്ന് തോന്നിയപ്പോൾ അവർ ആദിവാസി ക്ഷേമ സമിതി ഉണ്ടാക്കി. പക്ഷേ യഥാർത്ഥ ആദിവാസി സമരം പോലെ അതായില്ല.

ചെങ്ങറ സമരത്തെ തൊഴിൽ നഷ്ടമെന്ന രീതിയിൽ കണ്ട് എസ്റ്റേറ്റ് മുതലാളിയുടെ പണം വാങ്ങി തകർക്കാൻ ശ്രമിച്ചതും നാം കണ്ടു. തൊഴിലാളികളുടെ ഉപരോധ സമരം ഭരണ പിന്തുണയുണ്ടായിട്ടും പാളി. ഒടുവിൽ ഒരു ഒത്തുതീർപ്പുണ്ടാക്കി. എച്ചിൽ എന്നു പറഞ്ഞുകൊണ്ടു തന്നെ ളാഹാ ഗോപാലൻ അത് അംഗീകരിച്ചു. വീണ്ടും വഞ്ചന – മനുഷ്യവാസം തന്നെ സാധ്യമാകാത്ത ഭൂമി അവർക്കു നൽകി. അവർ സമരം തുടർന്നു. ഹാരിസൺ തോട്ടത്തിലെ ഒഴിഞ്ഞ ഭൂമി അവർ അളന്നെടുത്ത് കൃഷി ചെയ്തു. രാസവളവും കീടനാശിനികളുമില്ലാത്ത ഭക്ഷ്യവിള കൃഷി തന്നെ. സി.പി.എം പഠിക്കേണ്ട പാഠമാണത്.

എന്നാൽ വികലമായ അനുകരണമെന്ന രീതിയിൽ അവർ കോളനി അസ്സോസ്സിയേഷൻ ഉണ്ടാക്കി. പിന്നീട് പട്ടികജാതി അസോസ്സിയേഷൻ എന്നാക്കി. അവരെ മുന്നിൽ നിർത്തി സമരം നടത്താനാണിപ്പോൾ ശ്രമം. എന്തായാലും ളാഹാ ഗോപാലനും സി.കെ. ജാനുവും കാട്ടിയ വഴിയിൽ പോകുന്നതാണ് ശരിയെന്ന് സി.പി.എം സമ്മതിച്ചു. ജാനുവും ളാഹാ ഗോപലനും നടത്തിയപോലെ കുടിൽ കെട്ടി സമരം നടത്താനൊന്നും പാർട്ടിക്കാകില്ല. കാരണം ഇവിടെ സമരത്തിനെത്തുന്നവരൊന്നും ആ കടിലിൽ കുറച്ചു ദിവസമെങ്കിലും ജീവിക്കാൻ തയ്യാറുള്ളവരല്ല. പോലീസ് അറസ്റ്റ് ചെയ്ത് നീക്കിയില്ലെങ്കിൽ ഇവർ കുഴപ്പത്തിലാകും. ഇവിടെയാണ് സമരം അനുഷ്ഠാന കലയോ, ശാരീരിക വ്യായാമമോ ആകുന്നത്.

ഇവിടെ ഒരു വലിയ അപകടം സംഭവിക്കുന്നു. ഭൂമിക്കുവേണ്ടിയുള്ള സമരമെന്നത് കിടപ്പാടത്തിനു വേണ്ടിയുള്ള സമരമെന്ന ധാരണ പൊതുസമൂഹത്തിലുണ്ടാകുന്നു. യാതൊരു കൃഷിയും ചെയ്യാത്ത മധ്യവർഗ്ഗക്കാർക്ക് ഈ ധാരണ വരാൻ ഏറെ എളുപ്പമാണ്. അഞ്ചേക്കർ ഭൂമിക്കുവേണ്ടി ആദിവാസികൾ സമരം ചെയ്തപ്പോൾ അവരോട് മാനസികമായി അനുഭാവമുള്ള ഒരു പ്രൊഫസർ ഇത്രയധികം സ്ഥലത്തിനു മതിലു കെട്ടാൻ തന്നെ ഇവർക്കെത്ര പണം ചിലവാക്കേണ്ടി വരും എന്ന് ആശങ്കപ്പെട്ടു. ഭൂമി മതിലുകെട്ടി സംരക്ഷിക്കേണ്ട ചരക്കാണെന്നു വിശ്വസിക്കുന്ന പൊതുസമൂഹത്തിൽ യാതൊരു ചലനവുമുണ്ടാക്കാൻ സി.പി.എം നേതൃത്വത്തിലുള്ള സമരത്തിനാകില്ല. ■

## ഒത്തുതീർപ്പ് വ്യവസ്ഥ

മൂന്ന് സെന്റ് വീതം നൽകാനുള്ള ഭൂരഹിത കേരളം പദ്ധതിയിൽ അപേക്ഷിക്കാൻ ഫെബ്രുവരി 15 വരെ സമയം നൽകും. ഭൂപരിഷ്കരണ നിയമത്തിന് വിരുദ്ധമായ ഭൂമി കേന്ദ്രീകരണം സംബന്ധിച്ച് കലക്ടർമാർക്ക് പരാതി നൽകാം. ആദിവാസികൾക്ക് ഒരേക്കർ ഭൂമി നൽകാനുള്ള നടപടി ത്വരിതപ്പെടുത്തും. മിച്ചഭൂമി ഭൂരഹിതർക്ക് പതിച്ച് നൽകാനുള്ള നടപടികൾ ത്വരിതപ്പെടുത്തും. സമരം നടത്തിയ ഭൂമി മിച്ചഭൂമിയാണോ എന്ന് പരിശോധിച്ച് അങ്ങനെയുള്ളത് ഏറ്റെടുക്കും.